പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 4669

28/06/2013-ൽ മറുപടിയ്ക്ക്

## പച്ചക്കറിയുടെ വിലകയറ്റം തടയാൻ നടപടി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. തോമസ് ചാണ്ടി<br>ശ്രീ. എ.കെ. ശശീന്ദ്രൻ | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) പച്ചക്കറിയുടെ വിലവർദ്ധന നേരിടാൻ തമിഴ്നാട്ടിൽ നിന്നും കർണ്ണാടകത്തിൽ നിന്നും നേരിട്ട് പച്ചക്കറി വാങ്ങുന്നതിനായി ഹോർട്ടികൾച്ചർ മിഷന്റേയും ഹോർട്ടികോർപ്പിന്റേയും ഉദ്യോഗസ്ഥരെ നിയോഗിക്കാൻ സമയബന്ധിതമായി നടപടി സ്വീകരിക്കുമോ; | എ) സംസ്ഥാന ഹോർട്ടികൾച്ചർ മിഷന്റെ സ്ഥാപിത ലക്ഷ്യത്തിൽ പച്ചക്കറി വിപണനം ഉൾപ്പെടുത്തിയിട്ടില്ല. ഹോർട്ടിക്കോർപ്പിലെ ജീവനക്കാർ നേരിട്ട് തമിഴ്നാട്ടിൽ പോയി പച്ചക്കറികൾ സംഭരിച്ചിരുന്നു. എന്നാൽ അത് ലാഭകരമല്ലാത്തതിനാൽ നിർത്തി വയ്ക്കുകയാണുണ്ടായത്. ഇപ്പോൾ ബ്യൂറോ ഓഫ് ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സിന്റെ വിലയുമായി താരതമ്യം ചെയ്ത് അതിൽ നിന്നും 15% വില കുറച്ചാണ് സംഭരിക്കുന്നത്. |
| ബി) പൊതുജനങ്ങളുടെ സൗകര്യാർത്ഥം പച്ചക്കറി ഔട്ട് ലെറ്റുകളും പച്ചക്കറി ബങ്കറുകളും അടിയന്തിരമായി പ്രവർത്തനം ആരംഭിക്കാൻ നിർദ്ദേശം നൽകുമോ; | ബി) തിരുവനന്തപുരം ജില്ലയിൽ 100 സ്റ്റാളുകളും മറ്റ് ജില്ലകളിൽ 25 മുതൽ 50 വരെ സ്റ്റാളുകളും തുടങ്ങുന്നതിനുള്ള പദ്ധതികളാണ് ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ